Peel District School Board

# ദേശവ്യാപക പകർച്ചവ്യാധിയെ നേരിടാനുള്ള മുൻകരുതലുകളുടെ വിവരണ പത്രിക.

## വിദ്യാർത്ഥികളേയും, തൊഴിലാളികളേയും സുരക്ഷിതരാക്കലാണ് പീൽ ബോർഡിൻെറ ദേശവ്യാപക പകർച്ചവ്യാധി പദ്ധതിയുടെ മുൻതൂക്കം.

---

***എന്താണ് ഈ ദേശവ്യാപക പകർച്ചവ്യാധി?***

വളരെ വേഗതയിൽ പടരുന്ന ഏതൊരു സംക്രമരോഗവും ദേശവ്യാപക പകർച്ച വ്യാധിയാണ്. പകർച്ചപനി ഇങ്ങിനെയുള്ള ഒന്നാണ് - പുതിയ രൂപത്തിലുള്ള ഒരു ഫ്ളൂ വൈറസ് പ്രത്യക്ഷപ്പെട്ട് വേഗത്തിൽ പടരുമ്പോൾ ഉണ്ടാകുന്ന വളരെ കഠിനമായി പകരുന്ന ഒരു ശ്വാസകോശ അസുഖമാണ് ഈ ദേശവ്യാപക പകർച്ചപനി. ഈ പുതിയ വൈറസിനെതിരെ സാധാരണ മുനഷ്യർക്ക് വളരെ കുറവോ അഥവാ ഒട്ടും തന്നെ പ്രതിരോധ ശക്തി ഇല്ലാത്തതാണ്.

***എപ്പോഴാണ് ഈ ദേശവ്യാപക പകർച്ചവ്യാധി സംഭവിക്കുന്നത്?***

അടുത്തത് എപ്പോഴാണ് വരുന്നതെന്ന് വിദഗ്ദർക്ക് പ്രവചിക്കാനാവില്ലെങ്കിലും, ചരിത്രപരമായി എല്ലാ 100 വർഷത്തിലും മൂന്നോ നാലോ പ്രാവശ്യം ഇത് സംഭവിക്കാറുണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും, കേന്ദ്ര, സംസ്ഥാന, പ്രാദേശിക ആരോഗ്യ അധികൃതരും ഈ ദേശവ്യാപക പകർച്ചവ്യാധിയെ നേരിടുവാനുള്ള മുൻകരുതൽ പരിപാടികൾ തുടങ്ങികഴിഞ്ഞു.

***എത്ര ആളുകളെ ഇതു ബാധിക്കും?***

ഈ ദേശവ്യാപക പകർച്ചവ്യാധി വന്നാൽ ഒരേ സമയത്ത് 40 മുതൽ 60 ശതമാനം ജോലിക്കാർ വരെ ജോലിക്കു മുടക്കം വരുത്താനുള്ള സാദ്ധ്യത ഉണ്ട് എന്നാണ് വിദ്ഗദർ പറയുന്നത്. ഒരു നല്ല ശതമാനം ആളുകൾ ജോലിക്ക് മുടക്കം വരുത്തിയാൽ പീൽ ബോർഡിന് ഇപ്പോൾ നടത്തുന്ന പല പരിപാടികൾക്കും മുടക്കം വരുത്തേണ്ടതായി വരും.

***എന്താണ് പീൽബോർഡിൻെറ ദേശവ്യാപക പകർച്ചവ്യാധി പദ്ധതി?***

പീൽ ബോർഡ് ഈ ദേശവ്യാപക പകർച്ചവ്യാധിയെ നേരിടാൻ വളരെ തയ്യാറായി കഴിഞ്ഞു. 2005-06 അദ്ധ്യായന വർഷത്തിൽ, ബോർഡിൻെറ വിദ്യാലയങ്ങളിലും, ജോലി സ്ഥലങ്ങളിലും ഈ ദേശവ്യാപക പകർച്ചവ്യാധിയെ നേരിടാനുള്ള തയ്യാറെടുപ്പുകളുടെ പദ്ധതി രൂപീകരിച്ചു കഴിഞ്ഞു. പീൽ ഹെൽത്ത്, വിദ്യാഭ്യാസ-ആരോഗ്യ മന്ത്രാലയങ്ങൾ, സ്വന്തം തൊഴിലാളി സംഘടനകൾ, യൂണിയനുകൾ എന്നിവരുമായി ഒത്തൊരുമിച്ച് നിന്നാണ് ഈ പദ്ധതി രൂപീകരിച്ചത്.

ഒൻറാരിയോയിൽ ഈ ദേശവ്യാപക പകർച്ചവ്യാധി സ്ഥിരീകരിച്ചാൽ, പീൽ ബോർഡ് തങ്ങളുടെ പദ്ധതി തുടങ്ങിയിടും. ഏതു പ്രത്യേക പകർച്ചവ്യാധി നേരത്തും, അപകട നില തിരിച്ചറിയാവുന്ന പ്രാദേശിക, തദ്ദേശ ആരോഗ്യ വിഭാഗത്തിലെ വിദഗ്ദരായ ഉദ്യോഗസ്ഥരുടെ ഉപദേശങ്ങളും, മാർഗങ്ങളും പീൽ ബോർഡ് പിൻതുടരുന്നായിരിക്കും.

ഈ സാഹചര്യത്തിൽ ഒൻറാരിയോയിലെ പൊതു ആരോഗ്യ വകുപ്പ് അധികാരികൾ നിർദ്ദേശിക്കുന്നതുവരെ സുരക്ഷിതം മുൻ നിറുത്തി വിദ്യാലയങ്ങൾ പ്രവർത്തിപ്പിക്കാനാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം. ജോലിക്കാരുടെയും, വിദ്യാർത്ഥികളുടെയും ആരോഗ്യത്തിനും സുരക്ഷക്കും ഉൽകണ്ഠ വന്നാൽ, വിദ്യാലയങ്ങളും ജോലി സ്ഥലങ്ങളും അടക്കാനുള്ള തീരുമാനങ്ങൾ എടുക്കുന്നതാണ്.

***ഈ ദേശവ്യാപക പകർച്ചവ്യാധി സമയത്ത് പ്രവർത്തനങ്ങൾ പതിവുപോലെ തുടരുമോ?***

ഒൻറാരിയോക്കു പുറത്താണ് ഈ പകർച്ചവ്യാധിയെങ്കിൽ, പീൽ ബോർഡ് പതിവുപോലെ പ്രവർത്തികൾ തുടരുന്നതാണ്. പകർച്ചവ്യാധി ഒരിക്കൽ ഒൻറാരിയോയിൽ പ്രഖ്യാപിച്ചാൽ, ബോർഡ് തങ്ങളുടെ ദേശവ്യാപക പകർച്ചവ്യാധി നേരിടൽ പരിപാടിയുമായി മുമ്പോട്ടു പോകും. ഇതുമൂലം പല പ്രവർത്തികളും തുടരുമെങ്കിലും വളരെ ഗുരുതരമായ വ്യത്യാസങ്ങൾ കാണപ്പെടും. ദേശവ്യാപക

പകർച്ചവ്യാധി ഒൻറാരിയോയിൽ പ്രഖ്യാപിച്ചിട്ടും, വിദ്യാലയങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ, പരിപാടികൾക്കു പതിവു പ്രതീക്ഷയോ, പ്രവർത്തന നിലവാരമോ ഉണ്ടാകണമെന്നില്ല.

***ഒൻറാരിയോയിൽ ദേശവ്യാപക പകർച്ചവ്യാധി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം പരിപാടികൾ തുടരും?***

മുകളിൽ പറഞ്ഞതുപോലെ പല പ്രവർത്തികളും ഈ ദേശവ്യാപക പകർച്ചവ്യാധി ഒൻറാരിയോയിൽ പ്രഖ്യാപിച്ചതിനുശേഷവും തുടരുമെങ്കിലും വളരെ ഗുരുതരമായ വ്യത്യാസങ്ങൾ പ്രവർത്തിയിൽ ഉണ്ടാവുന്നതിനാൽ പതിവുനിലവാരം വന്നെന്നിരിക്കില്ല. ശരി എന്നു തോന്നുന്നതുവരെ താഴെ പറയുന്ന പ്രവർത്തികൾ തുടരാനാണ് ഞങ്ങളുടെ പ്രതീക്ഷ:

- അദ്ധ്യാപനം, മൂല്യ നിർണയം പിന്നെ വിവരങ്ങൾ രേഖപ്പെടുത്തൽ
- വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം – വിദ്യാലയങ്ങൾ തുറന്നിരിക്കുന്നതുവരെ ബസ്സുകൾ പതിവു സമയത്ത് പ്രവർത്തിക്കും.
- ശിശുപരിപാലനം – സുരക്ഷ ഉള്ളതുവരെ ഇവർ തുറന്നു പ്രവർത്തിക്കും.
- വല്ലപ്പോഴുമുള്ള അദ്ധ്യാപകർ – വിദ്യാലയത്തിൽ ശരിയായ സംരക്ഷണവും മേൽ നോട്ടവും നൽകുന്നതിനായി വല്ലപ്പോഴും വരുന്ന അദ്ധ്യാപകരെ അധികാരികൾക്ക് കൊണ്ടുവരുവാൻ സാധിക്കും.
- വാളൻറിയേർസ് – പീൽ വിദ്യാലയങ്ങളുടെ ക്രമമായ പരിപാടികളെപറ്റി കൃത്യമായ പുനപരിശോധനങ്ങൾ നടത്തുന്നതാണ്.
- കാൻറീനുകളും അതിഥി സൽക്കാര പരിപാടികളും
- പരിപാലന പ്രവർത്തനങ്ങൾ – ഹീറ്റിംഗ്, എയർ കണ്ടീഷനിംഗ്, പ്ളംബിംഗ്, ഇലട്രിക്കൽ, കംപ്യൂട്ടർ നന്നാക്കൽ പരിപാടികളും മറ്റും.
- ഗാർബേജ് ശേഖരണം.
- സൗകര്യങ്ങളുടെ സുരക്ഷ – വിദ്യാലയങ്ങൾ തുറക്കാതിരുന്നാൽ കൂടുതൽ സുരക്ഷ ഏർപ്പെടുത്തുന്നതാണ്.
- ബോർഡിൻെറ മീറ്റിംഗുകൾ – ഒരു പക്ഷെ കൂടുതൽ തവണ നടത്തുകയോ അഥവാ ഇലക്ട്രോണിക് വഴി നടത്തുകയോ ചെയ്യും.
- ആപൽ സന്ധിയെ നേരിടുന്ന ഗ്രൂപ്പുകൾ – പ്രവർത്തനം തുടരും, പക്ഷെ പതിവുപോലെ ആയിരിക്കില്ല പ്രവർത്തനം
- ആവശ്യം വേണ്ടുന്ന സാധനങ്ങൾക്ക് ഓർഡർ നൽകും.
- പ്രിൻറിംഗും, അകത്തുള്ള വാർത്താ വിനിമയവും.

***ഒൻറാരിയോയിൽ ദേശവ്യാപക പകർച്ചവ്യാധി പ്രഖ്യാപിച്ചാൽ ഏതെല്ലാം പരിപാടികൾ ആണ് റദ്ദാക്കുന്നത്.?***

നമ്മുടെ കമ്യൂണിറ്റിയിലെ മുഖ്യമായ പരിപാടികൾ തുടരുന്നതിനായി, ഈ പകർച്ചവ്യാധി സമയത്ത് താഴെപറയുന്ന പരിപാടികൾ റദ്ദാക്കുന്നതാണ്.

- അദ്ധ്യായനവിഷയത്തിനു പുറത്തുള്ള പരിപാടികൾ
- വിദ്യാലയ സംബന്ധമായ ഭക്ഷണ പരിപാടികൾ – ഉദാഹരണത്തിന് പീറ്റ്സാ ദിനങ്ങൾ.
- ഫീൽഡ് ട്രിപ്പുകൾ/ഉല്ലാസ യാത്രകൾ – പ്ളാൻ ചെയ്തിട്ടുള്ളതും, മാതാപിതാക്കൾ കാശുവരെ കൊടുത്തിട്ടുള്ളതും ആയ എല്ലാ ഫീൽഡ് ട്രിപ്പുകളും/ഉല്ലാസ യാത്രകളും റദ്ദാക്കുന്നതാണ്.
- വിദ്യാലയ കൗൺസിൽ മീറ്റിംഗുകൾ – പ്രധാനാദ്ധ്യാപകൻ സ്കൂൾ കൗൺസിൽ ചെയർമാനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കും.
- തൊഴിൽ പരമായ വളർച്ചാ പ്രവർത്തനങ്ങൾ
- സ്റ്റാഫ് മീറ്റിംഗുകൾ – നടത്തിപ്പുകാരെയും, ജോലിക്കാരെയും വിദ്യാലയത്തിനു പുറത്തു കൊണ്ടു പോകുന്ന എല്ലാ മീറ്റിംഗുകളും റദ്ദാക്കുകയോ ഫോൺ മുഖേന നടത്തുകയോ ചെയ്യും.
- സമയ പരിധിക്കു പുറത്തുള്ള സ്കൂൾ പെർമിറ്റുകൾ – നിലവിലുള്ളതും പുതിയതുമായ സ്കൂൾ സൗകര്യങ്ങൾ ഉപയോഗിക്കുന്ന അനുവാദങ്ങൾ.

- തുടർച്ചാ പഠനം – രാത്രികാല സ്കൂൾ, വേനലവധി സ്കൂൾ കൂടാതെ അന്തർദേശീയ ഭാഷാ പരിപാടികൾ
- കമ്മ്യൂണിറ്റിയുടെ സ്കൂൾ ഉപയോഗം – സമയ പരിധിക്കു ശേഷമുള്ള കമ്യൂണിറ്റിയുടെ സ്കൂൾ പരിപാടികളും/വരവും പോക്കും
- ഭവനങ്ങളിലെ പഠിപ്പിക്കൽ

***ദേശ വ്യാപക പകർച്ചവ്യാധി ഒൻറാരിയോയിൽ പ്രഖ്യാപിച്ചശേഷം, എങ്ങിനെ പീൽ ബോർഡ് തൊഴിലാളികളേയും കമ്യൂണിറ്റിയേയും വിവരങ്ങൾ ധരിപ്പിക്കും?***

എല്ലാ ജോലിക്കാർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ കൂടാതെ കമ്യൂണിറ്റി അംഗങ്ങൾ ഇവരെയെല്ലാം കൃത്യമായി കാര്യങ്ങൾ അറിയിച്ചിരിക്കാൻ പീൽ ബോർഡ് പ്രതിജ്ഞയെടുത്തിട്ടുണ്ട്. ഒൻറാരിയോക്കു പുറത്തും, ഒൻറാരിയോയിലും ഈ ദേശവ്യാപക പകർച്ചവ്യാധി ഉറപ്പാക്കി കഴിഞ്ഞാൽ എല്ലാ ബന്ധപ്പെട്ടവരെയും കൃത്യമായി വിവരങ്ങൾ അറിയിക്കുന്നതിനായി വളരെ വ്യാപകമായ ഒരു വാർത്താവിനിമയ പരിപാടി പീൽബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

ഒൻറാരിയോയിൽ ഇങ്ങനെ ഒരു ദേശവ്യാപക പകർച്ചവ്യാധി പ്രഖ്യാപിക്കപ്പെട്ടാൽ, വിദ്യാലയത്തെ പറ്റിയുള്ള മൊത്തമായ അറിയിപ്പുകളും, നിലയും പ്രധാനമായും രണ്ടു വഴികളിലൂടെ നൽകുന്നതാണ്. പീൽ ബോർഡിൻെറ വെബ് സൈറ്റായ – www.peelschools.org – വഴിയും ഒരു ദേശവ്യാപക പകർച്ചവ്യാധി ഫോൺ ലൈൻ വഴിയും.

വരും മാസങ്ങളിൽ ദേശവ്യാപക പകർച്ചവ്യാധി നേരിടൽ പരിപാടികളിൽ കൂടുതൽ പ്രവർത്തിക്കുകയും, അതിൻേറതായ വിവരങ്ങൾ ഞങ്ങൾ നിങ്ങളുമായി പങ്കിടുന്നതുമായിരിക്കും.